# കേരള സർക്കാർ

## സംഗ്രഹം

തൊഴിൽ വകുപ്പ് - 1998 - ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി - പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ (പി) നമ്പർ.23/98/തൊഴിൽ. തിരുവനന്തപുരം, 1998 മേയ് 28.

---

പരാമർശം:- 1. 12.11.1982 ലെ സ.ഉ (അച്ചടിച്ചത്) നമ്പർ.40/82/തൊഴിൽ.
2. 25.04.1986 ലെ സ.ഉ (അച്ചടിച്ചത്) നമ്പർ.20/86/തൊഴിൽ.
3. 18.09.1995 ലെ സ.ഉ (അച്ചടിച്ചത്) നമ്പർ.189/95/ത.ഭ.വ
4. 10.11.1997 ലെ 17817/ലെഗ് സി1/97/നിയമം നമ്പർ വിജ്ഞാപനം.

## ഉത്തരവ്

പരാമർശം 1 ലേയും രണ്ടിലേയും സർക്കാർ ഉത്തരവുകൾ പ്രകാരം എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കിവന്നിരുന്ന കേരള തൊഴിൽ രഹിത വേതന പദ്ധതി പരാമർശം 3-ലേയും 4-ലേയും ഉത്തരവുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. ടി പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിലേക്കായി ഈ ഉത്തരവിനോടൊന്നുബന്ധമായി ചേർത്തിരിക്കുന്ന കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.കെ.വിജയകുമാർ**
**സെക്രട്ടറി**

## അനുബന്ധം

## 1998-ലെ കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ

**1.** (i) ഈ ചട്ടങ്ങൾക്ക് 1998-ലെ കേരള തൊഴിൽരഹിത വേതന ചട്ടങ്ങൾ എന്നു പേർ പറയാവുന്നതും 12-11-1982 ലെ ജി.ഒ (പി) 40/82/എൽ.ബി.ആർ എന്ന നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ചട്ടങ്ങളെ അതിലംഘിക്കുന്നതും ആകുന്നു.

(ii) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

**2.** 18-നും 35-നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവതി -യുവാക്കൾക്ക് ഒരു താൽക്കാലിക ധനസഹായമെന്ന നിലയിലാണ് ഈ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നത്.

(i) ഈ പദ്ധതിയിൻകീഴിൽ 'തൊഴിൽരഹിതർ' എന്നാൽ വിദ്യാർത്ഥികളല്ലാത്തവരും എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായവരും വാർഷിക കുടുംബ വരുമാനം 12,000 രൂപയിൽ കവിയാത്തവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി മൂന്നു വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും എന്നാൽ 35 വയസ് അപേക്ഷിക്കുന്ന ദിവസം കഴിഞ്ഞിട്ടില്ലാത്തവരുമായ വ്യക്തികൾ എന്നർത്ഥമാകുന്നു.

(ii) പട്ടികജാതി-പട്ടികവർഗ്ഗക്കാരായ അപേക്ഷകർ എസ്.എസ്.എൽ.സി പരീക്ഷ പാസ്സാകണമെന്നില്ല. അവർ, ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. (എന്നാൽ നിശ്ചിത വയസ് കഴിഞ്ഞ് എസ്.എസ്.എൽ.സി പരിക്ഷ മാത്രം പ്രൈവറ്റായി എഴുതി തോറ്റവർക്ക് ഇത് ബാധകമല്ല.)

(iii) സർക്കാരിന്റെയോ സ്വകാര്യ വ്യക്തികളുടെയോ ആയ ഏത് സ്ഥാപനത്തിലും ഔപചാരിക വിദ്യാഭ്യാസം നടത്തുന്ന എല്ലാവരേയും ഈ പദ്ധതിയിൻകീഴിൽ 'വിദ്യാർത്ഥി' ആയി പരിഗണിക്കുന്നതാണ്. 6 മാസം വരെ ദൈർഘ്യമുള്ള കമ്പ്യൂട്ടർ പഠനം ഉൾപ്പെടെയുള്ള ഹ്രസ്വകാലകോഴ്സുകൾ, ഷോർട്ട്ഹാന്റ്/ടൈപ്പ്റൈറ്റിംഗ് കെ.ജി.റ്റി.ഇ/കെ.ജി.സി.ഇ കോഴ്സുകൾ ചെയ്യുന്നവരെ 'വിദ്യാർത്ഥി' എന്ന നിർവചനത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. (സർക്കാർ

അംഗീകാരമില്ലാത്ത കോഴ്സുകളെ ഇതിൽനിന്നും ഒഴിവാക്കുന്നു.) എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഹരിജൻ വെൽഫെയർ വകുപ്പ് മുഖേന സ്റ്റൈപ്പന്റോടുകൂടി നടത്തുന്ന രണ്ട് - മൂന്ന് മാസം ദൈർഘ്യമുള്ള കോഴ്സുകളിൽ പഠിക്കുന്നവർ 'വിദ്യാർത്ഥി' എന്ന നിർവചനത്തിൽപ്പെടുന്നില്ല.

(iv) അംഗവൈകല്യമുള്ള അപേക്ഷകരെ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റി മതിയാകുന്നതാണ്. അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകുന്നതാണ്.

(v) പെൻഷനായോ, സർക്കാരിന്റെ ഏതെങ്കിലും ക്ഷേമപദ്ധതിയിൽ നിന്നുള്ള ധനസഹായമായോ, പാരിതോഷികം, സ്റ്റൈപ്പന്റ്, അലവൻസ്, എക്സ്ഗ്രേഷ്യാ എന്നീ ഇനങ്ങളിലോ പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമില്ലാത്ത എല്ലാ 'തൊഴിൽരഹിതർക്കും' ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

(vi) അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചിത സമയപരിധിയില്ല. അർഹതയുള്ള ഏതു വ്യക്തിക്കും ഏതു സമയത്തും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**3.** യാതൊരാളും,-

i. അയാളുടെ കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ കവിയുകയാണെങ്കിലോ (കുടുംബ വരുമാനം കണക്കാക്കുന്നതിന് മാതാപിതാക്കൾ, അവിവാഹിതരായ സഹോദരങ്ങൾ, മക്കൾ, കുടുംബത്തിൽ കൂടെ താമസിക്കുന്ന മറ്റാളുകൾ എന്നിവരുടെ എല്ലാ രീതിയിലുമുള്ള വരുമാനവും കണക്കിലെടുക്കുന്നതാണ്)

ii. അയാൾക്ക് പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമുള്ള ഏതെങ്കിലും തൊഴിൽ ലഭിക്കുകയാണെങ്കിലോ;

iii. ഏതെങ്കിലും കോഴ്സിന് പഠിക്കുവാൻ ആരംഭിക്കുകയാണെങ്കിലോ;

iv. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാതിരുന്നാലോ, ക്യാൻസലാവുകയാണെങ്കിലോ, യഥാസമയം പുതുക്കാതിരുന്നിട്ട് സർക്കാരിന്റെ/എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രത്യേക ഉത്തരവ് പ്രകാരം പുതുക്കുകയാണെങ്കിലോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹനല്ലാതാവുന്നതാണ്.

4. i. ഈ പദ്ധതിയിൻകീഴിൽ യാതൊരാളും തൊഴിലവസ്ഥ സംബന്ധിച്ചോ കുടുംബ വാർഷിക വരുമാനത്തെ സംബന്ധിച്ചോ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ വിവരം മറച്ചു വയ്ക്കുകയോ ചെയ്താൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ക്യാൻസൽചെയ്യുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ നിരോധനം ഏർപ്പെടുത്തുക, തൊഴിൽരഹിത വേതനം നിർത്തൽ ചെയ്യുക, വേതനമിനത്തിൽ അനർഹമായി കൈപ്പറ്റിയ തുക 100 രൂപ പിഴ സഹിതം തിരിച്ചുപിടിക്കുക എന്നീ ശിക്ഷണ നടപടികൾക്ക് വിധേയനാകുന്നതാണ് ഇവർക്ക് പിന്നീട് ഒരിക്കലും തൊഴിൽരഹിത വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അനർഹമായി കൈപ്പറ്റിയ തൊഴിൽരഹിത വേതനം തിരിച്ചു നൽകാത്തവരുടെ കേസിൽ ആ തുക ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന ഭൂനികുതി കുടിശ്ശിക പിരിക്കുംപോലെ റവന്യൂ റിക്കവറി നടപടിക്രമം പാലിച്ച് ഈടാക്കുന്നതിന് തദ്ദേശഭരണ അധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അനർഹമായി കൈപ്പറ്റിയ തൊഴിൽരഹിത വേതനം സ്വമേധയാ തിരിച്ചടയ്ക്കുകയാണെങ്കിൽ (100 രൂപ പിഴയടക്കം) ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതായിരിക്കും.

ii. തൊഴിൽരഹിത വേതനം ലഭിക്കുന്ന ആൾക്ക് പിന്നീട് 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനമുള്ള തൊഴിൽ ലഭിക്കുകയാണെങ്കിൽ ടി വിവരം ഉടൻതന്നെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

5. തൊഴിൽരഹിത വേതനം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക ആയിരിക്കും.

6. (i) തൊഴിൽരഹിത വേതനത്തിനുവേണ്ടിയുള്ള അപേക്ഷ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം നമ്പർ 1-ൽ (രണ്ടു പ്രതികൾ) അപേക്ഷകൻ ഏതു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലാണോ താമസം ആ തദ്ദേശ ഭരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ വരുമാനം നിശ്ചയിക്കുന്നതു തദ്ദേശഭരണാധികാരികളാണ്. എന്നിരുന്നാലും തദ്ദേശഭരണ

സ്ഥാപനത്തിന് യുക്തമെന്ന് തോന്നുകയുണ്ടെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് വിശദവിവരങ്ങൾ തേടാവുന്നതുമാണ്. ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും ഒരു സീരിയൽ നമ്പർ ഉണ്ടായിരിക്കേണ്ടതും ആ അടിസ്ഥാനത്തിൽ ഉത്തരവ് നൽകേണ്ടതുമാണ്. എല്ലാ അപേക്ഷാ ഫാറത്തിനും ഒപ്പം കീറിയെടുക്കാവുന്ന തരത്തിലുള്ള ഒരു പറ്റുചീട്ട് ഉണ്ടായിരിക്കേണ്ടതാണ്. സീരിയൽ നമ്പർ പറ്റു ചീട്ടിൽ കാണിച്ചിരിക്കേണ്ടതാണ്.

(ii) അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തദ്ദേശഭരണാധികാരി വിശദമായ അന്വേഷണം നടത്തേണ്ടതും അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളുടെയും ഹാജരാക്കിയിട്ടുള്ള രേഖകളുടെയും നിജസ്ഥിതിയെപ്പറ്റി ബോദ്ധ്യപ്പെടേണ്ടതും അർഹതയുള്ള പക്ഷം ഈ ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം നമ്പർ 1-ൽ വേതനം അനുവദിക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിൽ ഇതിനുള്ള അധികാരം ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികൾക്കായിരിക്കും. പ്രഥമദൃഷ്ട്യാ അപേക്ഷകന് വേതനത്തിന് അർഹതയില്ല എന്ന് കാണുന്നപക്ഷം അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തി വിവരം അപേക്ഷകനെ ഫാറം നമ്പർ (8)-ൽ അറിയിക്കേണ്ടതാണ്. നിരസിക്കാനുള്ള കാരണം ഉത്തരവിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്.

1. നിങ്ങളുടെ വരുമാനം.....................................രൂപയിൽ അധികമാണ്.
2. നിങ്ങൾ.................................................ഉദ്യോഗത്തിൽ തുടരുന്നു.
3. നിങ്ങളുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതാണ്.

പെൻഷൻ അനുവദിക്കപ്പെട്ടതും നിരസിക്കപ്പെട്ടതുമായ ലിസ്റ്റ് ഗ്രാമ സഭയിൽ/വാർഡ് കമ്മിറ്റിയിൽ/വാർഡുസഭയിൽ വായിക്കേണ്ടതാണ്.

(iii) ഈ പദ്ധതി പ്രകാരം വേതനം ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ ഒരു രജിസ്റ്റർ ഫോറം നമ്പർ 4-ൽ തദ്ദേശഭരണഅധികാരികൾ സൂക്ഷിക്കേണ്ടതും, അപ്രകാരമുള്ള തൊഴിൽ രഹിത വേതനം അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ ഒരു ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ വാർഡ് തിരിച്ച് തൽസമയം തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതും, ബന്ധപ്പെട്ട എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചിൽ അപേക്ഷയുടെ ഒരു പ്രതി സഹിതം അയച്ചുകൊടുക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് വകുപ്പിന്റെ പരിശോധനയിൽ ഏതെങ്കിലും കേസ്സിൽ തൊഴിൽരഹിത വേതനത്തിന് അർഹതയില്ല എന്നു ബോദ്ധ്യപ്പെട്ടാൽ ആ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

7. തദ്ദേശഭരണ അധികാരികൾക്ക് ഏതു സമയത്തും പരാതിയുടെ അടിസ്ഥാനത്തിൽ വേതനം നൽകുന്നത് തടഞ്ഞുവയ്ക്കാൻ അധികാരം ഉണ്ടായിരിക്കുന്നതും ശരിയായ അന്വേഷണത്തിനുശേഷം അർഹതയുണ്ടെങ്കിൽ തടഞ്ഞുവച്ച വേതനം ഉൾപ്പെടെ തുക നൽകുകയോ അല്ലെങ്കിൽ സ്ഥിരമായി നിർത്തലാക്കുകയോ ചെയ്യാവുന്നതാണ്.

8. തദ്ദേശഭരണ അധികാരികൾക്ക് ഏത് ഘട്ടത്തിലും അപേക്ഷയെ സംബന്ധിച്ച വിവരങ്ങൾ സ്വമേധയാ അന്വേഷിക്കാവുന്നതാണ്. അപ്രകാരമുള്ള അന്വേഷണത്തിൽ വേതനം അനുവദിച്ചത് തെറ്റിദ്ധരിപ്പിക്കൽ മൂലമോ, വസ്തുതാപരമായ തെറ്റ് കണ്ടെത്താൻ കഴിയാത്തതുമൂലമോ, വ്യാജമായോ, അല്ലെങ്കിൽ നടപടിക്രമത്തിലുള്ള ഏതെങ്കിലും തെറ്റുകൊണ്ടോ ആണ് എന്ന് കാണുകയാണെങ്കിൽ വേതനം അനുവദിച്ച ഉത്തരവ് റദ്ദാക്കേണ്ടതാണ്. അപ്രകാരം റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി ഏതൊരാളെയാണോ ഉത്തരവ് ബാധിക്കുന്നത്, അയാൾക്ക് ബോധിപ്പിക്കാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

9. (i) തദ്ദേശഭരണ അധികാരികളുടെ തീരുമാനത്തിൻമേലുള്ള അപ്പീൽ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് 60 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ii) അപ്പീൽ സമർപ്പിച്ച ആൾക്ക് വ്യക്തിപരമായി എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ, അതിന് അവസരം കൊടുത്തതിനുശേഷം കഴിയുന്നത്ര വേഗത്തിൽ അപ്പലേറ്റ് അതോറിറ്റി (ജില്ലാ കളക്ടർ) അപ്പീലിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്. അപ്പീലിന്റെ ഒരു രജിസ്റ്റർ ഫോറം നമ്പർ 5-ൽ അപ്പലേറ്റ് അതോറിറ്റി സൂക്ഷിക്കേണ്ടതാണ്.

(iii) സർക്കാരിന് ഏതു തീരുമാനവും അപേക്ഷയിൻമേലോ സ്വമേധയായോ റിവ്യു ചെയ്യാവുന്നതാണ്. ബന്ധപ്പെട്ട ഏതു വ്യക്തിക്കും അപ്പീലും റിവിഷനും സമർപ്പിക്കാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന അപ്പീൽ/റിവിഷൻ 45 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

10. വേതന തുക അതാത് മാസം/സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തീയതികളിൽ നൽകേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധികാരികൾ നേരിട്ട് തുക വിതരണം നടത്തേണ്ടതും ഈ ആവശ്യത്തിലേക്കായി പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അതിൽ ഗുണഭോക്താക്കളുടെ വിവരങ്ങളും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന തുകയും രേഖപ്പെടുത്തേണ്ടതുമാണ്. വിതരണം നടത്തിയ തുകയെ സംബന്ധിച്ച വിവരം വേതന വിതരണ കാർഡിൽ (ഫോറം നമ്പർ 7 ) രേഖപ്പെടുത്തി നൽകേണ്ടതാണ്. ഇതിലേക്കായി ഓരോ വർഷവും തൊഴിൽ രഹിതവേതന ഗുണഭോക്താക്കളുടെ രജിസ്റ്റർ നമ്പരിന്റെ ഓർഡറിൽ 12 കോളങ്ങളുള്ള ഒരു അകിറ്റൻസ് രജിസ്റ്റർ (ഫോറം നമ്പർ 6) തയ്യാറാക്കുകയും ഓരോ തവണ വേതന വിതരണം നടത്തുമ്പോഴും തുക കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പിടുവിച്ച് വാങ്ങേണ്ടതുമാണ്.

11. തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ് പൂർത്തിയാക്കുകയോ, രജിസ്ട്രേഷൻ ലാപ്സാവുകയോ, തൊഴിൽ ലഭിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽചെയ്യേണ്ടതും, വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭിച്ചാൽ ആയത് സംബന്ധിച്ച വിവരം അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ അല്ലാതെയോ തൊഴിൽ ലഭിച്ച വിവരം ഗുണഭോക്താവും തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

12. തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾക്ക് വേതന വിതരണ സമയത്ത് ഹാജരായി വേതനം കൈപ്പറ്റാൻ സാധിക്കാതെ വന്നാൽ പിന്നീട് വേതനത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. എന്നാൽ അസുഖം മൂലമോ, അടുത്ത ബന്ധുക്കളുടെ മരണംമൂലമോ ആണ് ഹാജരാകാൻ സാധിക്കാതെ വരുന്നതെങ്കിൽ മതിയായ തെളിവ് ഹാജരാക്കി അടുത്ത തവണ വേതന വിതരണത്തിനുമുൻപ് വേതനം വാങ്ങിയിരിക്കേണ്ടതാണ്. തുടർച്ചയായി രണ്ടു തവണ വേതനം കൈപ്പറ്റാതിരുന്നാൽ, വേതനത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. അവർക്ക് ഖണ്ഡിക 9(1)-ൽ പറയും പ്രകാരം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

13. വേതനം വാങ്ങിക്കൊണ്ടിരിക്കുന്ന ഒരാളുടെ താമസമാറ്റം/മേൽവിലാസത്തിലുണ്ടാകുന്ന മാറ്റം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയോ/തദ്ദേശഭരണ സ്ഥാപന അധികാരികളുടെയോ സർട്ടിഫിക്കറ്റ് സഹിതം അറിയിക്കേണ്ടതും, ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ആൾ വേറൊരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിലേക്ക് താമസം മാറ്റുമ്പോൾ വേതനം റദ്ദുചെയ്യുന്നതും, ഗുണഭോക്താവ് പുതുതായി താമസം മാറിയെത്തിയ തദ്ദേശ ഭരണ സ്ഥാപനത്തിൽ പുതിയതായി വേതനത്തിന് അപേക്ഷിക്കേണ്ടതുമാണ്.

14. പദ്ധതിയുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേലധികാരിയുടെ ചുമതലയാണ്.

15. തൊഴിൽരഹിത വേതനം സംബന്ധിച്ച എല്ലാ രേഖകളും പൊതു രേഖകളായി പരിഗണിക്കേണ്ടതാണ്.

16. പ്രഥമദൃഷ്ട്യാ വേതനത്തിന് അർഹനാണെന്ന് കണ്ടാലും അതല്ല അപ്പീലിൻമേലോ റിവിഷനിലോ അർഹനാണെന്നു കണ്ടാലും അപേക്ഷ സമർപ്പിച്ച മാസത്തിന് അടുത്ത മാസം ഒന്നാം തീയതി മുതൽ വേതനം നൽകേണ്ടതാണ്.

17. ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, വിശദീകരണം പുറപ്പെടുവിക്കുന്നതിനും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

18. ഈ പദ്ധതിയിൽ ഇതിനകം തന്നെ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളും ഈ ചട്ടപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുതിയ അപേക്ഷകളിൽ തീർപ്പ് കൽപിക്കുന്നതുവരെ ഇപ്പോഴുള്ള ഗുണഭോക്താക്കൾക്ക് വേതനം നൽകേണ്ടതാണ്. നിലവിലുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ ഉൾപ്പെടെയുള്ള പുതിയ അപേക്ഷകൾ തീർപ്പ് കല്പിച്ച് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ഖണ്ഡിക 6 (ii) ലെ സമയപരിധി ബാധകമല്ല. എന്നിരുന്നാലും കഴിയുംവേഗം പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിലവിലുള്ള ലിസ്റ്റ് റദ്ദുചെയ്യപ്പെടുന്നതാണ്.

# ഫോറം നമ്പർ-1
# തൊഴിൽരഹിത വേതന പദ്ധതി 1998
# അപേക്ഷാഫോറം

1 അപേക്ഷകന്റെ പേര് :

2.

(എ) പൂർണ്ണമായ മേൽവിലാസം :

(ബി) വിദ്യാഭ്യാസ യോഗ്യത :

(സി) അപേക്ഷകൻ താമസിക്കുന്ന വില്ലേജ് താലൂക്ക്, ജില്ല :

(ഡി) അപേക്ഷകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ/ :

മുൻസിപ്പാലിറ്റിയുടെ/

കോർപ്പറേഷന്റെ പേര്

വാർഡ് നമ്പർ :

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായം എന്നിവയിൽ ഏതിലെങ്കിലും പെടുന്നുണ്ടോ: ഉണ്ടെങ്കിൽ ഏതിൽ?

(എഫ്) വികലാംഗനാണോ?

3. വയസും ജനനത്തീയതിയും :

4. പിതാവിന്റെ/ഭർത്താവിന്റെ പേര് :

5. (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര് :

(ബി) രജിസ്ട്രേഷൻ നമ്പർ :

(സി) രജിസ്റ്റർ ചെയ്ത തീയതി :

(ഡി) തൊഴിൽ നമ്പർ :

(ഇ) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി

(എഫ്.)പുതുക്കേണ്ട തീയതി :

:

6. കഴിഞ്ഞ 3 വർഷത്തിനിടയിൽ ഗവൺമെന്റിലോ സ്വകാര്യ സ്ഥാപനത്തിലോ ജോലി ലഭിച്ചിരുന്നെങ്കിൽ അതിന്റെ കാലയളവും പ്രസക്തമായ മറ്റു വിവരങ്ങളും. :

7. കുടുംബത്തിന്റെ വാർഷിക വരുമാനം :

8. ഇപ്പോൾ തൊഴിൽരഹിത വേതനം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടോ: ഉണ്ടെങ്കിൽ വില്ലേജും റോൾ നമ്പരും (തൊഴിൽ രഹിത വേതന വിതരണ കാർഡിന്റെ ഫോട്ടോകോപ്പി അപേക്ഷയോടൊപ്പം അയയ്ക്കണം.)

<u>താഴെപ്പറയുന്ന കാര്യങ്ങൾ ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.</u>

1. ഞാൻ ഇപ്പോൾ ഒരു വിദ്യാർത്ഥി/വിദ്യാർത്ഥിനി അല്ല
2. എനിക്ക് ഇപ്പോൾ പ്രതിമാസം 100 (നൂറു രൂപ) രൂപയിൽ കൂടുതൽ ലഭിക്കുന്ന തൊഴിലോ വരുമാനമോ ഇല്ല.

   ഞാനുൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം.................................. രൂപയാണ്. (വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് ഇതോടൊപ്പം ഹാജരാക്കുന്നു)
3. സ്വന്തമായി എനിക്ക് തൊഴിലോ തൊഴിൽ സ്ഥാപനമോ ഇല്ല.
4. ഈ ആനുകൂല്യം ലഭിക്കുന്നതിന് ഞാൻ മറ്റൊരിടത്തും അപേക്ഷ കൊടുത്തിട്ടില്ല.
5. എനിക്ക് ഗവൺമെന്റിൽ നിന്ന് പ്രതിമാസം 100 രൂപയിൽ കൂടുതലായി പെൻഷനോ സാമ്പത്തിക സഹായമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല.
6. എനിക്ക് പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന എന്തെങ്കിലും തൊഴിലോ സാമ്പത്തികസഹായമോ ലഭിക്കുന്ന അന്നുമുതൽ ഞാൻ തൊഴിൽരഹിത വേതനം പറ്റുന്നതല്ല. ആ വിവരം ഉടൻതന്നെ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിനെ/മുനിസിപ്പാലിറ്റിയെ/കോർപ്പറേഷനെ അറിയിക്കുന്നതാണ്.

   മേൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ എല്ലാം സത്യമാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലും കാര്യം തെറ്റാണെന്ന് പിന്നീട് തെളിയുന്ന പക്ഷം

അതിനുള്ള ശിക്ഷയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്യുമെന്നും ഞാൻ അനർഹമായി കൈപ്പറ്റിയ തൊഴിൽരഹിത വേതനം 100 രൂപ പിഴയും സഹിതം തിരിച്ചു നല്കാൻ ബാദ്ധ്യസ്ഥനാണെന്നും ഞാൻ മനസ്സിലാക്കുന്നു. അപ്രകാരം തിരിച്ചു നൽകാതെ വന്നാൽ ഭൂനികുതി കുടിശ്ശിക ഈടാക്കുന്ന രീതിയിൽ റവന്യൂ റിക്കവറി നടപടിക്രമം പാലിച്ച് ജില്ലാ കളക്ടർ മുഖേന തുകയും കളക്ഷൻ ചാർജ്ജും ഈടാക്കും എന്ന് ഞാൻ മനസ്സിലാക്കുന്നു.

എന്ന്

സ്ഥലം:

തീയതി: അപേക്ഷകന്റെ പേരും ഒപ്പും.

ഈ അപേക്ഷകൻ നല്കിയിട്ടുള്ള വിവരങ്ങൾ, സമർപ്പിച്ച രേഖകളുമായി പരിശോധിക്കുകയും ആവശ്യമായ അന്വേഷണം നടത്തുകയും ചെയ്തതിൽ ശരിയാണെന്ന്/തെറ്റാണെന്ന് കണ്ടതിനാൽ അപേക്ഷ അനുവദിക്കുന്നു/നിരസിക്കുന്നു. (ഏതാണോ ബാധകം അതെഴുതണം)

സ്ഥലം:

തീയതി:
സെക്രട്ടറി

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/

കോപ്പറേഷൻ

(ഓഫീസ് സീൽ)

---------------------------------------------------------------------------

പറ്റുചീട്ട്

----------------------------------------------------------------ൽ
നിന്നും തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷ കൈപ്പറ്റിയിരിക്കുന്നു.

തീയതി: സെക്രട്ടറി

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ

(ഓഫീസ് സീൽ)

## ഫോറം നമ്പർ-2

## തൊഴിൽരഹിത വേതന പദ്ധതി 1998 പ്രകാരം വേതനത്തിന് അർഹതയുള്ളവരുടെ പട്ടിക

........................................................................................ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽവിലാസവും | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര്/രജി.നം/ തൊഴിൽ നമ്പർ | വേതനം അനുവദിക്കുന്ന തീയതി | എന്നുമുതൽ എന്നുവരെ | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |

തീയതി:

സെക്രട്ടറി

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ

(ഓഫീസ് സീൽ)

## ഫോറം നമ്പർ-3

## തൊഴിൽരഹിത വേതന പദ്ധതി 1998 പ്രകാരം വേതനത്തിനുള്ള അപേക്ഷ നിരസിച്ചവരുടെ പട്ടിക

..........................................................................ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽവിലാസവും | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര്, രജിസ്ട്രേഷൻ നമ്പർ/തൊഴിൽ നമ്പർ | അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | |

തീയതി:

സെക്രട്ടറി

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ

(ഓഫീസ് സീൽ)

## ഫോറം നമ്പർ-4

## തൊഴിൽരഹിത വേതന പദ്ധതി 1998 പ്രകാരം ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകളുടെ രജിസ്റ്റർ

| ക്രമ നമ്പർ | അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും | തീർപ്പിന്റെ സ്വഭാവം: അതായത് അനുവദിച്ചു/ നിരസിച്ചു | തീർപ്പിന്റെ നമ്പരും തീയതിയും | ഒപ്പ് | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

## ഫോറം നമ്പർ-5

## തൊഴിൽരഹിത വേതന പദ്ധതി 1998 പ്രകാരം അപ്പലേറ്റ് അതോറിറ്റി സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക

ജില്ലാ കളക്ടർ..........................................................................

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽവിലാസവും | തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | അപ്പീൽ അപേക്ഷ നിരസിച്ച/അനുവദിച്ച തീയതി | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |

തീയതി:

അപ്പലേറ്റ് അതോറിറ്റി

(ഓഫീസ് സീൽ)

# ഫാറം നമ്പർ-6

## തൊഴിൽരഹിത വേതന പദ്ധതി 1998

## അക്വിറ്റൻസ് രജിസ്റ്റർ

.................................................................ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | റോൾ നമ്പർ | അനുവദിച്ച തുക (എന്ന് മുതൽ എന്നുവരെ) | ഗുണഭോക്താവിന്റെ ഒപ്പ് | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
| 1 | | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | | |
| 3 | | | | | | | | | | | | | | | |

## ഫാറം നമ്പർ-7

## തൊഴിൽരഹിത വേതന വിതരണ കാർഡ്

1. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ പേര് :

2. ഗുണഭോക്താവിന്റെ പേരും മേൽവിലാസവും :

    (എ) റോൾ നമ്പർ :

    (ബി) ജനനതീയതി :

3. രജിസ്ട്രേഷൻ നമ്പരും തൊഴിൽ നമ്പരും :

4. അടുത്ത് പുതുക്കേണ്ട തീയതി

### തൊഴിൽരഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

| തീയതി | നൽകുന്ന വേതനത്തിന്റെ കാലയളവ് | തുക | നൽകിയ ഉദ്യോഗസ്ഥന്റെ ഒപ്പടയാളവും തീയതിയും |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

## തൊഴിൽരഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

| തീയതി | നൽകുന്ന വേതനത്തിന്റെ കാലയളവ് | തുക | നൽകിയ ഉദ്യോഗസ്ഥന്റെ ഒപ്പടയാളവും തീയതിയും |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

## തൊഴിൽരഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

ഗുണഭോക്താവിന്റെ ഒപ്പ്:

| |
|---|
| പാസ്പോർട്ട് സൈസ് ഫോട്ടോ |

മുകളിൽ വിവരിച്ചിരിക്കുന്ന ശ്രീ./ശ്രീമതി.........................................................യുടെ ഒപ്പും ഫോട്ടോയും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

(ഒപ്പ്)

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ മേലധികാരി

---

കുറിപ്പ്: ഒപ്പിന്റെ പകുതി ഫോട്ടോയിലും ബാക്കി ഭാഗം ഫോട്ടോയുടെ വെളിയിലുമായിരിക്കണം

## ഫാറം നമ്പർ-8

സ്ഥലം:

തീയതി:

താങ്കളുടെ..............................................................തീയതിയിലെ തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

1. താങ്കളുടെ കുടുംബ വാർഷിക വരുമാനം..........................................രൂപയിൽ അധികമാണ്
2. താങ്കൾ ..........................................................................ഉദ്യോഗത്തിൽ തുടരുന്നു.
3. താങ്കൾക്ക്..............................................രൂപയിൽ കൂടുതൽ മാസവരുമാനം ഉണ്ട്.
4. താങ്കളുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതാണ്.
5. മറ്റു കാരണങ്ങൾ

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/
കോർപ്പറേഷന്റെ ബന്ധപ്പെട്ട അധികാരി

(ഓഫീസ് സീൽ)

അപേക്ഷകന്:

# കേരള സർക്കാർ

സംഗ്രഹം

തൊഴിൽ വകുപ്പ് - കേരള തൊഴിൽ രഹിത വേതന പദ്ധതി - പുതുക്കിയ ചട്ടങ്ങൾ സംബന്ധിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

സർക്കാർ ഉത്തരവ് (പി) നമ്പർ.52/98/തൊഴിൽ. തിരുവനന്തപുരം, തീയതി: 11.08.1998.

---

പരാമർശം:- 1. സർക്കാർ ഉത്തരവ് (പി) നമ്പർ.23/98/തൊഴിൽ തീയതി:28.05.1998.
2. 19.6.1996 ലെയും 3.8.1998-ലെയും ക്യൂ4/4104/95 നമ്പരിലെ എംപ്ലോയ്മെന്റ് ഡയറക്ടറുടെ കത്തുകൾ.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവിനോടനുബന്ധമായി ചേർത്തിട്ടുള്ള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിലെ ഖണ്ഡിക 1(11) താഴെ പറയും പ്രകാരം തിരുത്തി വായിക്കേണ്ടതാണ്.

"ഇത് 1.6.1998 മുതലുള്ള വേതന വിതരണം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

1.11.1997 മുതൽ 5/98 വരെയുള്ള തൊഴിൽ രഹിത വേതന കുടിശ്ശിക വിതരണം നടത്തുന്നതിന് പരാമർശം (1) ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപുള്ള സംവിധാനം തുടരാവുന്നതാണെന്നും 1.6.1998 മുതൽ തൊഴിൽ രഹിത വേതന വിതരണം പരാമർശം-1 ലെ വ്യവസ്ഥകൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ തന്നെ നടത്തേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വി.രാജഗോപാൽ
സെക്രട്ടറി

End.No.Q4/15806/98 Dated:12.3.1998

Copy communicated to all Divisional/District/Town Employment Officers and Unit Officers of Directorate for information and necessary action.

Sd/-
**For DIRECTOR OF EMPLOYMENT**

# കേരള സർക്കാർ

സംഗ്രഹം

തൊഴിൽ വകുപ്പ് - തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ.(പി) നം.20/99/തൊഴിൽ. തിരുവനന്തപുരം, തീയതി: 19.02.1999.

---

പരാമർശം:- 1. ജി.ഒ (പി) 23/98/തൊഴിൽ തീയതി:28.05.1998.

2. ജി.ഒ (പി) 52/98/തൊഴിൽ തീയതി:11.08.1998.

3. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 26.9.98 ലെ ക്യൂ4/41046/95 നമ്പരിലെ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവിന് താഴെ പറയുംപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു:-

1) കേരള തൊഴിൽരഹിത വേതന പദ്ധതിയ്ക്കുവേണ്ടി തുക അനുവദിക്കുന്ന കാര്യത്തിലും പദ്ധതിയുടെ സംസ്ഥാനതലത്തിലുള്ള നടത്തിപ്പിലും ഉള്ള പൂർണ്ണ ഉത്തരവാദിത്വം എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

2) എംപ്ലോയ്മെന്റ് ഡയറക്ടർ തൊഴിൽരഹിത വേതന വിതരണത്തിനാവശ്യമായ തുക ജില്ലാ/ഡിവിഷണൽ/എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് അനുവദിക്കുകയും അവർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൈമാറുകയും ചെയ്യേണ്ടതാണ്.

3) വേതന വിതരണത്തെ സംബന്ധിക്കുന്ന കണക്കുകൾ നിർദ്ദിഷ്ട ഫാറത്തിൽ ജില്ലാ/ഡിവിഷണൽ ഓഫീസർമാർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ച കൂടാതെ സമർപ്പിക്കേണ്ടതാണ്.

സൂചന ഒന്നിലെ ഉത്തരവിന്റെ അനുബന്ധത്തിൽ താഴെ പറയുന്ന ഭേദഗതികൾ കൂടി വരുത്തി ഉത്തരവാകുന്നു.

1) ഖണ്ഡിക 14 തദ്ദേശഭരണ സ്ഥാപന തലത്തിൽ പദ്ധതിയുടെ നടത്തിപ്പ് അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയായിരിക്കും എന്ന് ഭേദഗതി ചെയ്യുന്നു.

2) അനുബന്ധത്തിലെ 8-ാം നമ്പർ ഫോറത്തിനുശേഷം താഴെ കാണിച്ചിരിക്കുന്ന 9-ാം നമ്പർ ഫോറം ഉൾപ്പെടുത്തേണ്ടതാണ്.

# കേരള സർക്കാർ

## സംഗ്രഹം

കേരള തൊഴിൽ രഹിത വേതന പദ്ധതി - പ്രതിമാസ വേതന നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ.(എം.എസ്.)96/2000/തൊഴിൽ തിരുവനന്തപുരം, തീയതി: 5-10-2000

==========================================================================

പരാമർശം:-
1. 25.4.1986 ലെ ജി.ഒ.(പി) 20/86/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്
2. 12.2.1988 ലെ ജി.ഒ. (എം.എസ്.)26/88 തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്
3. 12.8.1991 ലെ ജി.ഒ. (എം.എസ്.) 62/91/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്
4. 5.4.97 ലെ ജി.ഒ. (എം.എസ്.)35/97 തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്
5. 2.9.1998 ലെ ജി.ഒ. (എം.എസ്.)66/98 തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്
6. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 5.7.2000 ലെ ക്യൂ4/10690/99 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരള തൊഴിൽ രഹിത വേതന പദ്ധതി പ്രകാരമുള്ള തൊഴിൽ രഹിത വേതനം പ്രതിമാസം 100/- രൂപയിൽ നിന്നും 120/- (നൂറ്റിയിരുപത്) രൂപയായി 1.4.2000 മുതൽ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

പി. സുബൈദാ ബീവി
ജോയിന്റ് സെക്രട്ടറി

**<u>കീഴെഴുത്ത് നമ്പർ: ക്യൂ4/10690/99 തീയതി 23-10-2000</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി അയക്കുന്നു.

(ഒപ്പ്)
എംപ്ലോയ്മെന്റ് ഡയറക്ടർക്കുവേണ്ടി

# കേരള സർക്കാർ

സംഗ്രഹം

തൊഴിൽ വകുപ്പ്-1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി- ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**ജി.ഒ(പി) നമ്പർ 1764/2005/തൊഴിൽ തിരുവനന്തപുരം, 2005 ജൂൺ 28**

---

പരാമർശം:- 1. 28.05.1998 ലെ ജി.ഒ (പി) 23/98/തൊഴിൽ
2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 10/06/2004 ലെ ക്യു4/17258/04/ഡിഇ നമ്പർ കത്ത്.

## ഉത്തരവ്

എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന കേരള തൊഴിൽ രഹിത വേതന പദ്ധതി നടത്തിപ്പ് പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി കൊണ്ട് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ചട്ടങ്ങളിൽ ചട്ടം 13 താഴെപ്പറയും പ്രകാരമാണ്.

"വേതനം വാങ്ങികൊണ്ടിരിക്കുന്ന ഒരാളുടെ താമസമാറ്റം/മേൽവിലാസത്തിലുണ്ടാകുന്ന മാറ്റം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയോ/തദ്ദേശ ഭരണ സ്ഥാപന അധികാരികളുടെയോ സർട്ടിഫിക്കറ്റ് സഹിതം അറിയിക്കേണ്ടതും, ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. വേതനം കൈപ്പറ്റികൊണ്ടിരിക്കുന്ന ആൾ വേറൊരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിലേക്ക് താമസം മാറുമ്പോൾ വേതനം റദ്ദു ചെയ്യുന്നതും ഗുണഭോക്താവ് പുതുതായി താമസം മാറിയെത്തിയ തദ്ദേശ ഭരണ സ്ഥാപനത്തിൽ പുതിയതായി വേതനത്തിന് അപേക്ഷിക്കേണ്ടതുമാണ്".

2.മേൽപ്രകാരം ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നിന്നും മറ്റൊരു തദ്ദേശ ഭരണസ്ഥാപനത്തിന്റെ പരിധിയിലേക്ക് താമസം മാറ്റുന്ന ഗുണഭോക്താവിന് നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന വേതനം റദ്ദ് ചെയ്ത് പുതിയതായി അപേക്ഷ സമർപ്പിച്ച മാസത്തിന്റെ തൊട്ടടുത്തുള്ള മാസം മുതലുള്ള വേതനം മാത്രമേ ലഭിക്കുകയുള്ളു. ഇപ്പോൾ ഏകദേശം ഇരുപത് മാസത്തിലധികം വേതന കുടിശ്ശികയുള്ളതിനാൽ ഈ കുടിശ്ശിക അപ്രകാരമുള്ള ഗുണഭോക്താവിന്

# കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ്-1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി- ഭേദഗതി വരുത്തിയ ചട്ടങ്ങൾക്ക് വിശദീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ(പി) നമ്പർ 32/2006/തൊഴിൽ തിരുവനന്തപുരം, 2006 മേയ് 4

---

പരാമർശം:- 1. ജി.ഒ.(പി) നമ്പർ 23/98/തൊഴിൽ, തീയതി 28.05.1998

2. ജി.ഒ (പി) നമ്പർ 1764/05/തൊഴിൽ തീയതി 28.06.2005

3. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17/11/2005 ലെ ഡി2-478/02 നമ്പർ കത്ത്.

4. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 21/03/2006 ലെ ക്യൂ4/106/06/ഡിഇ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള 1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 13 ഭേദഗതി വരുത്തികൊണ്ട് പരാമർശം രണ്ട് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതിൻ പ്രകാരം തൊഴിൽ രഹിത വേതനം കിട്ടികൊണ്ടിരിക്കുന്ന ഒരാളുടെ താമസമാറ്റം/മേൽവിലാസത്തിലുള്ള മാറ്റം ടി ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി പഴയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും വേതനം തുടർന്നും ലഭിക്കുന്നതിന് തടസ്സമല്ല.

2. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം 3 ലെ കത്തിൽ പരാമർശം രണ്ടിലെ ഭേദഗതി ഉത്തരവിന്റെ ആനുകൂല്യം മേൽപടി ഉത്തരവ് തീയതിക്കു മുമ്പ് താമസമാറ്റം/മേൽവിലാസത്തിൽ മാറ്റം വന്നിട്ടുള്ള ഗുണഭോക്താക്കൾക്കും കൂടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം രണ്ടിലെ ഉത്തരവിന്റെ ആനുകൂല്യം മേൽപടി ഉത്തരവ് തീയതിക്കുമുമ്പ് താമസമാറ്റം/മേൽവിലാസം മാറ്റം വന്നിട്ടുള്ളവർക്കും ബാധകമാണെന്ന് ഇതിനാൽ വിശദീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**സി.മോഹനൻ**
**അഡീഷണൽ സെക്രട്ടറി**

**മേലെഴുത്ത് നമ്പർ ക്യൂ4/106/06/ഡിഇ തീയതി 03/06/05**

**എല്ലാ സബ് ഓഫീസുകൾക്കും (അറിവിലേയ്ക്കും അനന്തര നടപടിയ്ക്കുമായി)**

## കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - 1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി - ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ..(പി) നമ്പർ.68/07/തൊഴിൽ. തിരുവനന്തപുരം, 2007 ജൂൺ 5.

---

പരാമർശം:- 1) 28.05.1998-ലെ ജി.ഒ(പി)23/98/തൊഴിൽ.
2) തൃശ്ശൂർ ജില്ലാ കലക്ടറുടെ 15.02.2007-ലെ കെ5/5333/2007 നമ്പർ കത്ത്.
3) എംപ്ലോയ്മെന്റ് ഡയറക്ടറുടെ 28.04.2007 ലെ ക്യൂ4/8936/07/ഡി.ഇ. നമ്പർ കത്ത്.

### ഉത്തരവ്

എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന കേരളാ തൊഴിൽ രഹിത വേതന പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട് പരാമർശം (1) ലെ ഉത്തരവ് പ്രകാരം കേരളാ തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ചട്ടങ്ങളിൽ ചട്ടം 9(1) പ്രകാരം തദ്ദേശ ഭരണാധികാരികളുടെ തീരുമാനത്തിൻമേലുള്ള അപ്പീൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് 60 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

2. അപ്പീൽ സമർപ്പിക്കുന്നതിനെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്ക് വ്യക്തമായ അറിവ് ഇല്ലാത്തതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ ലഭിക്കാറില്ലെന്നും അതിനാൽ അപ്പീൽ സമർപ്പിക്കുന്നതിലെ കാലതാമസം മാപ്പാക്കി അപ്പീൽ തീർപ്പു കൽപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ അപേക്ഷിക്കുകയുണ്ടായി.

3. ജില്ലാ കളക്ടർമാർ നിരസിക്കുന്ന അപ്പീലുകളിൽ ബന്ധപ്പെട്ട ഏത് വ്യക്തിക്കും സർക്കാരിന് അപ്പീലും റിവിഷനും സമർപ്പിക്കാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന അപ്പീൽ/റിവിഷൻ 45 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കണമെന്ന് ചട്ടം 9(111) പ്രകാരം വ്യവസ്ഥയുണ്ടെങ്കിലും എത്ര ദിവസത്തിനകം അപ്പീൽ/റിവിഷൻ അപേക്ഷകൾ ഫയൽ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. കളക്ടർമാർക്ക് സമയപരിധിക്കുള്ളിൽ അപ്പീൽ നൽകാത്തതിനാൽ ഭൂരിപക്ഷം അപ്പീലുകളും നിരസിക്കപ്പെടുകയും ചെയ്യുന്നു. മേൽ സാഹചര്യത്തിൽ ജില്ലാ കളക്ടർമാർക്ക് അപ്പീൽ നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്നും, നിരസിക്കപ്പെടുന്ന അപ്പീൽ കേസുകളിൽ ജില്ലാ കളക്ടറുടെ തീരുമാനത്തിനെതിരെ സർക്കാരിൽ അപ്പീൽ/റിവിഷൻ ഫയൽ ചെയ്യുവാൻ സമയപരിധി

നിശ്ചയിക്കണമെന്നും എംപ്ലോയ്മെന്റ് ഡയറക്ടർ പരാമർശം (3) ലെ കത്തിൽ അപേക്ഷിക്കുയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള 1998-ലെ കേരളാ തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 9 താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9(1) തദ്ദേശ ഭരണാധികാരികളുടെ തീരുമാനത്തിൻമേലുള്ള അപ്പീൽ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് 60 ദിവസത്തിനകം സമർപ്പിക്കേണ്ടതും നിശ്ചിത സമയ പരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുന്നതിന് കഴിയാതെ വന്നാൽ ആയതിന് മതിയായ കാരണങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ഒരു വർഷം വരെയുള്ള കാലതാമസം മാപ്പാക്കി ജില്ലാ കളക്ടർമാർക്ക് അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(11) അപ്പീൽ സമർപ്പിച്ച ആൾക്ക് വ്യക്തിപരമായി എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ, അതിന് അവസരം കൊടുത്തതിന് ശേഷം 90 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റി (ജില്ലാ കളക്ടർ) അപ്പീലിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അപ്പീൽ അനുവദിച്ചതായി കണക്കാക്കുന്നതാണ്. അപ്പീലിന്റെ ഒരു രജിസ്റ്റർ ഫോറം നമ്പർ 5-ൽ അപ്പലേറ്റ് അതോറിറ്റി സൂക്ഷിക്കേണ്ടതാണ്.

(111) സർക്കാരിന് ഏത് തീരുമാനവും അപേക്ഷയിൻമേലോ, സ്വമേധയായോ റിവ്യൂ ചെയ്യാവുന്നതാണ്. ബന്ധപ്പെട്ട ഏത് വ്യക്തിയും, ജില്ലാ കളക്ടറുടെ അപ്പീൽ തീരുമാനത്തിൻമേൽ ആക്ഷേപമുണ്ടെങ്കിൽ ഉണ്ടെങ്കിൽ ഉത്തരവ് കിട്ടി 60 ദിവസത്തിനകം റിവിഷൻ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി.കെ.വിശ്വനാഥൻ
ഗവൺമെന്റ് സെക്രട്ടറി

<u>മേലെഴുത്ത് നമ്പർ ക്യൂ1/34614/2006/ഡി.ഇ. തീയതി:15.11.2006</u>

എല്ലാ സബ് ഓഫീസുകൾക്കും അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി (കൈപ്പറ്റ് അറിയിക്കേണ്ടതാണ്.)

(ഒപ്പ്)
**എംപ്ലോയ്മെന്റ് ഡയറക്ടർക്കുവേണ്ടി**

**കേരള സർക്കാർ**

**സംഗ്രഹം**

**തൊഴിലും പുനരധിവാസവും വകുപ്പ് - 1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി 11-ാം ചട്ടത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**ജി.ഒ.(പി) നം.169/2009/തൊഴിൽ തീയതി, തിരുവനന്തപുരം, 15.12.2009**

---

പരാമർശം :- 1) 28.05.98 ലെ ജി.ഒ (പി) നമ്പർ 23/98/തൊഴിൽ

2) 30.07.2009, 12.11.2009 എന്നീ തീയതികളിലെ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ക്യൂ4/46799/08/ഡിഇ നമ്പർ കത്തുകൾ

## ഉത്തരവ്

എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ചട്ടം 11 പ്രകാരം തൊഴിൽരഹിതവേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ്സ് പൂർത്തിയാക്കുകയോ, രജിസ്ട്രേഷൻ ലാപ്സാവുകയോ തൊഴിൽ ലഭിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും, വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭിച്ചാൽ ആയത് സംബന്ധിച്ച വിവരം അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയോ അല്ലാതെയോ തൊഴിൽ ലഭിച്ച വിവരം ഗുണഭോക്താവും തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

2. 1998-ലെ തൊഴിൽരഹിത വേതന ചട്ടങ്ങളിലെ 11-ാം ചട്ടത്തിൽ സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുകയോ NREG Act പ്രകാരമുള്ള തൊഴിൽ ലഭിച്ചതുമൂലം വ്യക്തിഗത കുടുംബ വരുമാനം പരിധിയിലധികമാവുകയോ ചെയ്താൽ തൊഴിൽരഹിത വേതനം നിറുത്തലാക്കുന്നതാണെന്ന ഭേദഗതി കൂടി

ഉൾപ്പെടുത്തണമെന്ന് പരാമർശം 2 ലെ കത്തുകൾ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 11 താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. "തൊഴിൽരഹിതവേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ്സ് പൂർത്തിയാക്കുകയോ, രജിസ്ട്രേഷൻ ലാപ്സാവുകയോ, തൊഴിൽ ലഭിക്കുകയോ സ്വയംതൊഴിൽ പദ്ധതിപ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുകയോ NREG Act പ്രകാരമുള്ള തൊഴിൽ ലഭിച്ചതുമൂലം വ്യക്തിഗത കുടുംബ വരുമാനം പരിധിയിലധികമാവുകയോ ആണെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനവിതരണം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭിക്കുകയോ, സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുകയോ ചെയ്താൽ ടി വിവരം, അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ അല്ലാതെയോ തൊഴിൽ ലഭിക്കുകയോ, സ്വയംതൊഴിലിന് ധനസഹായം ലഭിക്കുകയോ ചെയ്താൽ, ആ വിവരം ഗുണഭോക്താക്കൾ ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്." എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ അല്ലാതെയോ തൊഴിൽ ലഭിക്കുകയോ, സ്വയംതൊഴിലിന് ധനസഹായം ലഭിക്കുകയോ ചെയ്താൽ, ആ വിവരം ഗുണഭോക്താക്കൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്".

4. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

സി.എസ്.കുമാർ

ജോയിന്റ് സെക്രട്ടറി

**<u>മേലെഴുത്ത് നമ്പർ ക്യൂ4/46799/08/ഡിഇ</u>** **<u>തീയതി : 23-02-2010</u>**

എല്ലാ ഡിവിഷണൽ / ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്കും, ടൗൺ എംപ്ലോയ്മെന്റ് ഓഫീസർമാർക്കും ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും അറിവിലേക്കും അനന്തര നടപടികൾക്കും.

(ഒപ്പ്)

**എംപ്ലോയ്മെന്റ് ഡയറക്ടർക്കുവേണ്ടി**

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - 1998-ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (തൊഴിൽ) വകുപ്പ്

സ.ഉ (അച്ചടി) നം.139/2019/ധന തീയതി തിരുവനന്തപുരം, 15.10.2019

പരാമർശം:- ജി.ഒ (പി) നം.23/1998/ തൊഴിൽ തീയതി 28/05/1998.

ഉത്തരവ്

സർക്കാർ തലത്തിലുള്ള സാമ്പത്തിക സേവനങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്ന സംവിധാനത്തിലേക്ക് വിവിധ വകുപ്പുകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തൊഴിൽ രഹിത വേതന വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തൊഴിൽരഹിത വേതനത്തിന് പുതുതായി അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം ബാങ്ക് പാസ്സ് ബുക്കിന്റെയും ആധാർ കാർഡിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. ആയതിന് പരാമർശം (1) ഉത്തരവ് പ്രകാരമുള്ള അപേക്ഷ ഫാറത്തിൽ (ഫാറം നമ്പർ 1) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ എന്നിവ ഉൾപ്പെടുത്തി ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്.
2. നിലവിൽ തൊഴിൽരഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താക്കൾ ആധാർ നമ്പർ ലിങ്ക് ചെയ്തിട്ടുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് 2019 ഡിസംബർ 31-നകം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് നമ്പർ ഹാജരാക്കാത്തവർക്ക് തുടർന്ന് തൊഴിൽ രഹിത വേതനം അനുവദിച്ച് നൽകുന്നതല്ല.
3. ഇനിമുതൽ തൊഴിൽരഹിത വേതനം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി മാത്രം വിതരണം നടത്തേണ്ടതാണ്.
4. സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക എംപ്ലോയ്മെന്റ് ഡയറക്ടർ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ജില്ല എംപ്ലോയ്മെന്റ് ഓഫീസർമാർക്കും , ജില്ലാ

എംപ്ലോയ്മെന്റ് ഓഫീസർമാർ അനുവദനീയമായ തുക ബന്ധപ്പെട്ട ജില്ലകളിലെ പ്രാദേശിക സർക്കാരുകൾക്കും അലോട്ട്മെന്റായി നൽകേണ്ടതാണ്. ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ ട്രഷറി മുഖേന അർഹതയുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക കൈമാറ്റം ചെയ്യേണ്ടതാണ്.

5. തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത/കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം (മേൽവിലാസം) മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും തൊഴിൽരഹിത വേതനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് 15 ദിവസം മുമ്പ് ഗുണഭോക്താവ് മേൽപ്പറഞ്ഞവ തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണ്. ഓരോ പ്രാവശ്യവും നേരിട്ട് വെരിഫിക്കേഷന് ഹാജരാകുന്ന ഗുണഭോക്താവിന്റെ ഫോട്ടോ ഐ .ഡി കാർഡ് രേഖകളും പരിശോധിച്ച് ഗുണഭോക്താവാണ് എന്ന് ഉറപ്പ് വരുത്തി ടിയാളിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതും അകിറ്റൻസ് രജിസ്റ്ററിൽ (ഫോറം നമ്പർ 6) തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

6. തൊഴിൽരഹിത വേതന വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ ഗുണഭോക്താവ് വെരിഫിക്കേഷന് നേരിട്ട് ഹാജരായി സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണാധികാരി സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് മാത്രം തൊഴിൽരഹിത വേതനത്തിനുള്ള ഫണ്ട് എംപ്ലോയ്മെന്റ് വകുപ്പ് വഴി അനുവദിക്കേണ്ടതാണ്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽരഹിത വേതനം അനുവദിക്കാൻ പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടി.എസ്.മജീദ്**
**സ്പെഷ്യൽ സെക്രട്ടറി (ധനകാര്യം)**

<u>മേലെഴുത്ത് നമ്പർ P3/1311/2019/DE</u> **തീയതി: 29/10/2019**

സർക്കാർ ഉത്തരവ് അറിവിലേക്കും തുടർ നടപടികൾക്കുമായി അയയ്ക്കുന്നു

JOINT DIRECTOR

**പകർപ്പ്:**

1. എല്ലാ സബ് ഓഫീസുകൾക്കും
2. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി